**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **12-09-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പദ്ധതികൾ പി.എം.ജെ.വി.കെ. പ്രകാരം സംസ്ഥാന വഖഫ് ബോർഡ് വഴിയാണോ സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡ് അല്ലാതെ മറ്റ വകുപ്പുകൾ മുഖാന്തരം നേരിട്ട് സർക്കാരിൽ പി.എം.ജെ.വി.കെ. പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി പി.എം.ജെ.വി.കെ പ്രകാരം വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴിയും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രോജക്ടിന് തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽ നിന്നും മുക്തവും ഒഴിഞ്ഞു കിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി നിർവ്വഹിക്കുന്നതിന് വഖഫ് ബോർഡിന്റെ അനുമതി നിർബന്ധമാണ്. പദ്ധതികൾ സംസ്ഥാനതല സമിതി അംഗീകരിക്കേണ്ടതുമുണ്ട്. |
| (ബി) | പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ് ലൈൻ പ്രകാരം റവന്യൂ രേഖകളിൽ കൃത്യമായി വഖഫ് ഭൂമി എന്ന് രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽ നിന്നും മുക്തവും ഒഴിഞ്ഞു കിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് വഖഫ് ബോർഡ് അനുമതി നിർബന്ധമാണ്. പ്രസ്തുത വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പദ്ധതികൾ സംസ്ഥാനതല സമിതിയ്ക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ നിയമപരമായി പരിശോധിച്ചാണോ വഖഫ് ബോർഡ് പദ്ധതികൾക്ക് അനുമതി നൽകുന്നതെന്ന് അറിയിക്കാമോ? | (സി) | വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ നിയമപരമായി പരിശോധിച്ചിട്ടാണ് വഖഫ് ബോർഡിൽ നിന്നും പദ്ധതികൾക്ക് അനുമതി നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ